നെൽകൃഷിയിലെ പ്രതിസന്ധി

214 (1591) ശ്രീ. പി. ബി. അബ്ദുൽ റസാക്ക് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. മോയിൻകുട്ടി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയലുകളുടെ വിസ്തൃതി ക്രമാതീതമായി കുറയുന്നതുമൂലമുണ്ടാകുന്ന കാർഷിക, പാരിസ്ഥിതിക, സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നെൽവയലുകളുടെ വിസ്തൃതി കുറയാനിടയാക്കിയ ഘടകങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) വായ്പയെടുത്ത് നെൽകൃഷി ചെയ്യുന്ന കർഷകർ, തൊഴിൽ മേഖലയിലും, സാമ്പത്തിക മേഖലയിലും, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളുടെ കാര്യത്തിലും കടുത്ത പ്രതിസന്ധി നേരിടേണ്ടി വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി നികത്തുന്നതിനാലാണ് ഓരോ വർഷം കഴിയുന്തോറും നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞുവരുന്നത്. മറ്റ് വിളകളെ സംബന്ധിച്ച് നെൽകൃഷിയുടെ ഉൽപ്പാദന ചെലവ് വളരെ കൂടുതലായതിനാൽ കർഷകർ ചെലവ് കുറഞ്ഞ മറ്റ് വിളകളിലേയ്ക്ക് പോകുന്നതും മറ്റൊരു കാരണമാണ്.

(സി) സർക്കാരിൽനിന്നുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് കൃത്യമായി യഥാസമയം നൽകി വരുന്നുണ്ട്.

കാറ്റുവീഴ്ചയെ പ്രതിരോധിക്കാൻ കഴിയുന്ന തെങ്ങിൻ തൈകൾ

215 (1592) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിനെ ക്ഷയിപ്പിക്കുന്ന കാറ്റു വീഴ്ചയെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനെ സംബന്ധിച്ച് സി.പി.സി.ആർ.ഐ. സർവ്വേ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാറ്റുവീഴ്ചയെ പ്രതിരോധിക്കാൻ കഴിയുന്ന തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംയോജിത രോഗപ്രതിരോധ പ്രവർത്തനങ്ങളിലൂടെയും ശാസ്ത്രീയ കൃഷിമുറകളിലൂടെയും തെങ്ങിനെ ക്ഷയിപ്പിക്കുന്ന കാറ്റുവീഴ്ചയെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നുണ്ട്. സംസ്ഥാനത്ത് കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ കണ്ടെത്തി അവ മുറിച്ചുമാറ്റി പകരം രോഗബാധയില്ലാത്ത തെങ്ങിൻതൈകൾ നടുന്നതിനുള്ള പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കിയിരുന്നു. കൂടാതെ നാളികേര വികസന ബോർഡിന്റെ സഹായത്തോടെ രോഗം ബാധിച്ചതും പ്രായംകൂടി ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തെങ്ങിൻ തൈകൾ നടുന്നതിനുള്ള പദ്ധതിയും കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം നടത്തിയ പഠനങ്ങളിലൂടെ നല്ല വിളപരിപാലന മാർഗ്ഗങ്ങൾ അവലംബിച്ചാൽ കാറ്റുവീഴ്ച രോധബാധിതമായ തെങ്ങുകളുടെ ആരോഗ്യവും ഉൽപ്പാദനക്ഷമതയും 80-90% വരെ വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ജൈവിക നിയന്ത്രണമാർഗ്ഗങ്ങൾ, മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം, പച്ചിലവള ചെടികളുടെ ഉപയോഗം, രോഗബാധയില്ലാത്ത തെങ്ങുകൾ ശാസ്ത്രീയമായി കണ്ടെത്തി അവയിൽനിന്നും വിത്തുതേങ്ങ സംഭരിക്കൽ, എന്നിവയും കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. കാറ്റുവീഴ്ച രോഗപ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതിനും സംയോജിത തെങ്ങിൻതോട്ട പരിപാലനത്തിനുമായി ഹെക്ടറിന് 25,000 രൂപ നിരക്കിൽ കേരഗ്രാമം പദ്ധതിയിലൂടെ കൃഷിവകുപ്പ് 2014-15 വർഷം മുതൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേന്ദ്ര നാളികേര വികസന ബോർഡ് "റിപ്ലാന്റിംഗ് ആന്റ് റിജുവനേഷൻ" പദ്ധതി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകൾ ഒഴികെയുള്ള ബാക്കി 11 ജില്ലകളിൽകൂടി നാളികേര ഉൽപ്പാദക സൊസൈറ്റികൾ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരികയാണ്. ശാസ്ത്രീയ രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും സംയോജിത തെങ്ങിൻ തോട്ടപരിപാലനത്തിനുമുള്ള ബോധവൽക്കരണ പരിശീലന പരിപാടികളും കൃഷിഭവനുകൾ മുഖേന കർഷകർക്ക് നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഐ.സി.എ.ആർ. സ്ഥാപനമായ സി.പി.സി.ആർ.ഐ. കേരളത്തിലെ തെങ്ങിന്റെ കാറ്റുവീഴ്ച രോഗത്തെക്കുറിച്ചും രോഗതീവ്രത, ഉൽപ്പാദനനഷ്ടം, വ്യാപനരീതി എന്നിവയെക്കുറിച്ചുമുള്ള വിശദമായ ഒരു സർവ്വേ 1984-ൽ നടത്തുകയുണ്ടായി. കൃഷിവകുപ്പിന്റെ സഹകരണത്തോടെ 1996-ലും സി.പി.സി.ആർ.ഐ. ഒരു സർവ്വേ നടത്തുകയുണ്ടായി. കാറ്റുവീഴ്ച രോഗം പുതുതായി ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി ഒരു നിരീക്ഷണ സംവിധാനം സി.പി.സി.ആർ.ഐ.-ൽ ഉണ്ട്.

(സി) കാറ്റുവീഴ്ച രോഗബാധയില്ലാത്ത എലൈറ്റ് തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷിവകുപ്പിന്റെ കീഴിലുള്ള നാളികേര നഴ്സറികളിലൂടെ സ്വീകരിച്ചുവരുന്നുണ്ട്. 2015-16 വർഷം കാറ്റുവീഴ്ച പ്രതിരോധ ശേഷിയുള്ള കുറിയയിനം തെങ്ങിൻ തൈകളുടെ ഉൽപ്പാദനത്തിനും വിതരണത്തിനും 500 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തോടുകൂടി "കേരസമൃദ്ധി" പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കി വരികയാണ്. സി.പി.സി.ആർ.ഐ.-യുടെ സഹകരണത്തോടുകൂടി കാറ്റുവീഴ്ച ബാധിത പ്രദേശങ്ങളിലേയ്ക്കുള്ള എലൈറ്റ്, ഹൈബ്രിഡ് തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായുള്ള ഒരു പദ്ധതി 134.9 ലക്ഷം രൂപയ്ക്ക് വരുന്ന നാലുവർഷങ്ങളിലായി കൃഷിവകുപ്പ് നടപ്പിലാക്കുന്നതാണ്. പദ്ധതിയിലൂടെ 25,000 കൽപ്പശ്രീ വിത്തുതേങ്ങ ഒന്നാം വർഷം മുതലും 25,000 പോളിനേറ്റഡ് ഹൈബ്രിഡ് വിത്തുതേങ്ങ രണ്ടാംവർഷം മുതലും ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ആലപ്പുഴ, കൊല്ലം, കോട്ടയം ജില്ലാകൃഷി ഫാമുകളിലും നെട്ടുകാൽത്തേരി ഇറന്ന ജയിലിലും കാറ്റുവീഴ്ച പ്രതിരോധശേഷിയുള്ള തെങ്ങുകളുടെ മാതൃവൃക്ഷ ബ്ലോക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സി.പി.സി.ആർ.ഐ. സ്വീകരിച്ചുവരുന്നുണ്ട്. കാറ്റുവീഴ്ച പ്രതിരോധശേഷിയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത, കൃഷിരീതികൾ എന്നിവ സംബന്ധിച്ച് പരിശീലന പരിപാടികൾ കൃഷിഭവനുകൾ മുഖേന നൽകിവരുന്നുണ്ട്. ഇലക്ട്രോണിക്, അച്ചടി മാധ്യമങ്ങളിലൂടെയും കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം കൃഷിവകുപ്പ് നൽകിവരുന്നുണ്ട്.

പച്ചക്കറികളിലെ കീടനാശിനി പ്രയോഗം

216 (1593) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്ന പഴങ്ങളിലേയും പച്ചക്കറികളിലേയും കീടനാശിനി പ്രയോഗം കണ്ടുപിടിക്കുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടി കൈക്കൊള്ളുന്നതിനും സർക്കാർ ഇപ്പോഴും നടപടി സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly